# പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം - 2902 20/06/2013 ൽ മറുപടിക്ക്

## കോഴിക്കോട് ജില്ലയിലെ അംശക്കച്ചേരി-ചെറുകളം റോഡ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. എ. കെ. ശശീന്ദ്രൻ | | ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) | കോഴിക്കോട് ജില്ലയിലെ അംശക്കച്ചേരി-ചെറുകളം റോഡിന് G.O.(RT)189/2011 PWD dt.30-01-2011 പ്രകാരം ഭരണാനുമതി ലഭിച്ചിട്ടും റോഡിന്റെ പ്രവൃത്തി തുടങ്ങാനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | G.O.(Rt)187/2011/PWD തീയതി 30/01/2011 പ്രകാരമാണ് ഭരണാനുമതി നൽകിയത്. കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ ; | (ബി) | ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തീകരിച്ചിട്ടില്ല. അംശക്കച്ചേരി ചെറുകളം റോഡ് കി.മീ 0/000 മുതൽ 4/800 വരെ അഭിവൃദ്ധിപ്പെടുത്തുന്നതിന് G.O.(Rt) 207/2004/PWD തീയതി 21/02/2004 പ്രകാരം 3.2469 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അനുവാദം ലഭിച്ചു. എന്നാൽ ലാന്റ് അക്വിസിഷൻ യഥാസമയം പൂർത്തിയാക്കാത്തതിനാൽ സർക്കാർ ഉത്തരവ് ഡിനോവ ആവുകയും പുതിയ അർത്ഥന, G.O.(MS)182/2012/RD തീയതി 03/05/2012 പ്രകാരം സമർപ്പിക്കാൻ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എൻജിനീയർ തലത്തിൽ നടപടി സ്വീകരിച്ചുവരുന്നു. |
| (സി) | അംശക്കച്ചേരി-ചെറുകളം റോഡിന്റെ പ്രവൃത്തി എപ്പോൾ ആരംഭിക്കുമെന്ന് വ്യക്തമാ ക്കാമോ? | (സി) | സ്ഥലമെടുപ്പ് നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തിക്ക് ആവശ്യമായ ഭരണാനുമതിയും പ്രത്യേകാനുമതിയും ലഭ്യമാക്കിയ ശേഷം നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ